**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2920** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂരിലെ ബസ് സർവീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളാണ് നിർത്തലാക്കിയത്; പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | യാത്രക്കാർ കുറവായതിനാൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന കൽപ്പറ്റ യൂണിറ്റിലെ – 1ഉം, മാനന്തവാടി യൂണിറ്റിലെ - 2ഉം, കണ്ണൂർ യൂണിറ്റിലെ – 5ഉം, പയ്യന്നൂർ യൂണിറ്റിലെ – 3ഉം സർവ്വീസുകളും, തലശ്ശേരി യൂണിറ്റിൽ നിന്ന് 4 ഇന്റർസ്റ്റേറ്റ് സർവ്വീസുകളും ഉൾപ്പെടെ 15 സർവ്വീസുകൾ താൽക്കാലിക മായി നിർത്തിവച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ മാറുകയും കൂടുതൽ യാത്രക്കാർ വരികയും ഇന്റർസ്റ്റേറ്റ് സർവ്വീസ് പുനഃരാരംഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് മേൽ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | എരുമേലിയിൽ നിന്നും ചന്ദനക്കാംപാറയിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. എരുമേലിയിൽ നിന്നുള്ള ചന്ദനക്കാംപാറ സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചി ട്ടുണ്ട്. 26.01.2021 മുതൽ 02.02.2021 വരെ ഈ സർവ്വീസ് നടത്തിയിരുന്നുവെങ്കിലും വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ലഭിച്ചിരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് യാത്രക്കാരുടെ എണ്ണം കൂടുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് പുനരാരംഭി ക്കുന്നത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ